ഇതര സംസ്ഥാന തൊഴിലാളികൾ

250(2719) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികളിൽ എത്ര പേർ തൊഴിൽ വകുപ്പിൽ പേര് രജിസ്റ്റർ ചെയ്തു ; സംസ്ഥാനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തൊഴിലാളികൾ സംസ്ഥാനത്തുനിന്നും വേതനമായി പ്രതിവർഷം ശരാശരി എത്ര രൂപ കൈപ്പറ്റുന്നുവെന്നാണ് തൊഴിൽ വകുപ്പ് നടത്തിയ പഠനത്തിൽ കണ്ടെത്തിയത് ; വ്യക്തമാക്കുമോ ;

(സി) ഓരോ വർഷവും ശരാശരി എത്ര പേരാണ് ജോലിക്കായി എത്തുന്നത് ;

(ഡി) പ്രസ്തുത തൊഴിലാളികളിൽ ക്രിമിനലുകൾ, പകർച്ച ബാധിതർ തുടങ്ങിയവർ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരക്കാരെ കണ്ടെത്താൻ തൊഴിൽ വകുപ്പ് ഏതൊക്കെ വകുപ്പുകളുടെ സഹായം ഈ സർക്കാർ കാലയളവിനുള്ളിൽ സ്വീകരിച്ചു ; ഇതുവഴി എത്ര ക്രിമിനലുകളെയും പകർച്ച ബാധിതരെയും കണ്ടെത്തിയെന്നും അതിന്റെയടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(ഇ) ഈ സർക്കാർ കാലയളവിനുള്ളിൽ എത്ര ഇതര സംസ്ഥാന തൊഴിലാളികൾ ജോലിക്കിടയിലും അല്ലാതെയും മരണപ്പെട്ടുവെന്നാണ് തൊഴിൽ വകുപ്പ് കണക്കാക്കിയിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) ഈ സർക്കാർ കാലയളവിനുള്ളിൽ ക്രിമിനൽ കേസുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ വിവിധ ജയിലുകളിൽ കിടക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾ എത്ര എന്നാണ് തൊഴിൽ വകുപ്പ് കണക്കാക്കിയിട്ടുള്ളത് ; കൊലപാതകം/ഭവനഭേദനം/പിടിച്ചുപറി/മോഷണം എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ ;

(ജി) സംസ്ഥാനത്തെ മൊത്തം ജനസംഖ്യയിൽ 13 പേരിൽ ഒരാൾ ഇതര സംസ്ഥാന തൊഴിലാളിയാണെന്ന് കരുതുന്നുണ്ടോ ; എങ്കിൽ പ്രസ്തുത തൊഴിലാളികളുടെ കറ്റകൃത്യങ്ങൾ തടയാനും, ഇത്തരം പ്രവണതയുള്ളവരെ സംസ്ഥാനത്തിനകത്ത് പ്രവേശിപ്പിക്കാതിരിക്കുവാനും തൊഴിൽ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിക്കും ; വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഗ്രലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ്&ടാക്സേഷന്റെ 15-2-2013-ലെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 25 ലക്ഷത്തോളം ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുവരുന്നുണ്ട്. 2010-ലെ കടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം സംസ്ഥാനത്ത് 51609 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ സംസ്ഥാനം തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) ഗ്രലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ്&ടാക്സേഷന്റെ 15-2-2013-ലെ റിപ്പോർട്ടിൽ ഇതര സംസ്ഥാന തൊഴിലാളികൾ നിലവിൽ ഒരു ദിവസം 400-നും 750-നും മദ്ധ്യേ വേതനം കൈപ്പറ്റുന്നുണ്ട്. ടി റിപ്പോർട്ട് പ്രകാരം ശരാശരി 17,500 കോടി രൂപ 25 ലക്ഷം വരുന്ന തൊഴിലാളികൾക്ക് വേതനമായി ലഭിക്കുന്നു.

(സി) ഇതര സംസ്ഥാന തൊഴിലാളികൾ അസംഘടിതരായതിനാലും സംസ്ഥാനത്തെ വിവിധ ജില്ലകളിൽ തൊഴിൽ തേടി യാത്ര ചെയ്യുന്നതിനാലും അവരിൽ ഭൂരിഭാഗവും അവിദഗ്ധ തൊഴിലാളികൾ ആയതിനാലും ടി തൊഴിലാളികളുടെ വരവും തിരികെ പോക്കും വ്യക്തമായി കണക്കാക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി) 1996-ലെ ബിൽഡിംഗ്&അദർ കൺസ്ട്രക്ഷൻ വെൽഫയർ സെസ്സ് ആക്ടിന്റെയും 1979-ലെ ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് ആക്ടിന്റെയും അടിസ്ഥാനത്തിൽ തൊഴിൽ വകപ്പിലെ ഉദ്യോഗസ്ഥർ ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിലിടങ്ങളിലും വാസസ്ഥലങ്ങളിലും പരിശോധനകൾ നടത്തിവരുന്നുണ്ട്. പരിശോധനകളിലൂടെ ടി തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നുണ്ട്. ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ടി തൊഴിലാളികൾക്കായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്.

(ഇ) ഈ സർക്കാർ കാലയളവിനുള്ളിൽ 122 ഇതര സംസ്ഥാന തൊഴിലാളികൾ അപകടത്തിൽ മരണപ്പെട്ടിട്ടുണ്ട്. 10 സാധാരണ മരണവും സംഭവിച്ചിട്ടുണ്ട്.

(എഫ്) ക്രിമിനൽ കേസുമായി ബന്ധപ്പെട്ട വിവരങ്ങൾ തൊഴിൽ വകപ്പിൽ ലഭ്യമല്ല.

(ജി) ഇല്ല. പ്രസ്തുത തൊഴിലാളികളുടെ സുരക്ഷയും ക്ഷേമവും ഉറപ്പു വരുത്തുന്നതിനായി നടപടികൾ സ്വീകരിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.